നം.പി.എൽ(2)/39603/2016/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തിയ്യതി; 16/06/2016

# സർക്കുലർ

വിഷയം:-സംസ്കൃത വിദ്യാഭ്യാസ വികസനം - അക്കാദമിക് കൗൺസിൽ രൂപീകരണവും പ്രവർത്തനങ്ങളും സംബന്ധിച്ച്.

സൂചന:-

സംസ്ഥാനത്ത് സംസ്കൃത വിദ്യാഭ്യാസ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ വിദ്യാഭ്യാസ ജില്ലകളിലും സബ് ജില്ലകളിലും, സ്കൂളുകളിലും സംസ്കൃത കൗൺസിലുകൾ രൂപീകരിക്കേണ്ടതും, പ്രവർത്തിപ്പിക്കേണ്ടതുമാണ്. താഴെപ്പറയും പ്രകാരം കൗൺസിലുകൾ രൂപീകരിക്കേണ്ടതാണ്.

## I സ്കൂൾതല കൗൺസിൽ:-

സ്കൂളിലെ 5 മുതൽ 10 വരെ ക്ലാസ്സുകളിലെ എല്ലാ സംസ്കൃത വിദ്യാർത്ഥികളും കൗൺസിൽ അംഗങ്ങളായിരിക്കും. അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്ന 9 വിദ്യാർത്ഥികൾ നിർവ്വാഹക സമിതി അംഗങ്ങളായിരിക്കും. കൗൺസിലിന്റെ പ്രസിഡന്റ് സ്കൂളിലെ പ്രഥമ അദ്ധ്യാപകനായിരിക്കണം. വൈസ് പ്രസിഡന്റ് സീനിയർ സംസ്കൃത അദ്ധ്യാപകനായിരിക്കണം. സംസ്കൃത വിദ്യാർത്ഥി സെക്രട്ടറിയായിരിക്കണം.

പ്രവർത്തനങ്ങൾ

1. സംസ്കൃത സമാജം:- സ്കൂളിലെ എല്ലാ ക്ലാസ്സുകളിലെയും, സംസ്കൃത വിദ്യാർത്ഥികളെ ഒന്നിച്ച് ചേർത്തുകൊണ്ട് സാഹിത്യ സമാജത്തിന് സമാനമായ പരിപാടികൾ സംസ്കൃതത്തിൽ അവതരിപ്പിക്കുക. കുട്ടികൾ കൂടുതലുണ്ടെങ്കിൽ പ്രത്യേകം ക്ലാസ്സ് സമാജങ്ങളും സംഘടിപ്പിക്കാവുന്നതാണ്.
2. സംസ്കൃത ദിനാചരണം സമുചിതമായി നടത്തുക.
3. സംസകൃത സംഭാഷണ ക്ലാസ്സുകൾ നടത്തുക.
4. സംസ്കൃത വിദ്യാർത്ഥികളുടെ പഠന യാത്രകൾ നടത്തുക.
5. സംസ്കൃത പ്രദർശനം സംഘടിപ്പിക്കുക.

## II ഉപജില്ലാതല കൗൺസിൽ:-

ഉപജില്ലയുടെ പരിധിയിൽ വരുന്ന യു.പി.സ്കൂളുകളിലെയും, ഹൈസ്കൂളിലെയും സംസ്കൃത അദ്ധ്യാപകർ കൗൺസിൽ അംഗങ്ങളായിരിക്കും. ഇവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ സെക്രട്ടറിയായിരിക്കും. സെക്രട്ടറി ഉൾപ്പെടെ തെരഞ്ഞെടുക്കപ്പെടുന്ന 9 പേർ നിർവ്വാഹക സമിതി അംഗങ്ങളാ

കും. കൗൺസിൽ പ്രസിഡന്റ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും, വൈസ് പ്രസിഡന്റ് സംസ്കൃത ഭാഷയോട് ആഭിമുഖ്യമുള്ള ഒരു പ്രധാന അദ്ധ്യാപകനുമായിരിക്കണം.

പ്രവർത്തനങ്ങൾ

1. അദ്ധ്യാപകർക്ക് പഠനോപകരണ ശില്പശാല നടത്തുക.
2. അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും സംസ്കൃത ഭാഷണ പരിശീലനം നൽകുക.
3. പാഠാപഗ്രഥനം, ചർച്ച എന്നിവ സംഘടിപ്പിക്കുക.
4. സംസ്കൃതോത്സവം നടത്തിപ്പുമായി സഹകരിച്ച് പ്രവർത്തിക്കുക.
5. സംസ്കൃത ഭാഷയുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സംഘടിപ്പിക്കുക.
6. സംസ്കൃത സ്കോളർഷിപ്പ് നടത്തിപ്പിനും മൂല്യനിർണ്ണയത്തിനും ആവശ്യമായ സഹായം നൽകുക.
7. സംസ്കൃതോത്സവത്തിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികളെ പ്രത്യേകം യോഗത്തിൽ വച്ച് അനുമോദിക്കുക.
8. സംസ്കൃത വിദ്യാഭ്യാസ വികസനത്തിനാവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കി ബന്ധപ്പെട്ട അധികാരികൾക്ക് നൽകുക.
9. സ്കൂൾതല സംസ്കൃത കൗൺസിലുകളുടെ പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുക.

## III വിദ്യാഭ്യാസ ജില്ലാതല കൗൺസിൽ:-

വിദ്യാഭ്യാസ ജില്ലയിലെ എല്ലാ യു.പി., ഹൈസ്കൂൾ സംസ്കൃത അദ്ധ്യാപകരും ഇതിൽ അംഗങ്ങളായിരിക്കും. ഇവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരദ്ധ്യാപകൻ സെക്രട്ടറിയായിരിക്കും. സെക്രട്ടറി ഉൾപ്പെടെ തെരഞ്ഞെടുക്കപ്പെടുന്ന 9 പേർ നിർവ്വാഹക സമിതി അംഗങ്ങളാകും. കൗൺസിലിന്റെ പ്രസിഡന്റ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയിരിക്കണം. ഉപജില്ലാ സംസ്കൃത കൗൺസിൽ സെക്രട്ടറിമാർ പ്രവർത്തന സമിതിയിൽ പ്രത്യേകം ക്ഷണിക്കപ്പെടുന്ന അംഗങ്ങൾ ആയിരിക്കണം.

പ്രവർത്തനങ്ങൾ

1. അദ്ധ്യാപകർക്ക് പഠനോപകരണ ശില്പശാല നടത്തുക.
2. അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും സംസ്കൃത സംഭാഷണ പരിശീലനം നൽകുക.
3. സംസ്കൃത സെമിനാർ നടത്തുക.
4. സംസ്കൃത ഭാഷയുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ നടത്തുക.
5. സംസ്കൃത സ്കോളർഷിപ്പ് പരീക്ഷ നടത്തിക്കുവാനും മൂല്യനിർണ്ണയത്തിനും ആവശ്യമായ സഹായം ചെയ്യുക.
6. സംസ്കൃതോത്സവ നടത്തിപ്പുമായി സഹകരിച്ച് പ്രവർത്തിക്കുക.
7. സംസ്കൃതോത്സവത്തിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികളെ പ്രത്യേക യോഗത്തിൽ വച്ച് അനുമോദിക്കുക.
8. സംസ്കൃത വിദ്യാഭ്യാസ വികസനത്തിന് ആവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കി ബന്ധപ്പെട്ട അധികാരികൾക്ക് സമർപ്പിക്കുക.
9. ഉപജില്ലാ കൗൺസിൽ പ്രവർത്തനങ്ങളെ കോ-ഓർഡിനേറ്റ് ചെയ്യുക.

**പൊതുവായ നിർദ്ദേശങ്ങൾ**

1. പ്രധാന അദ്ധ്യാപകൻ, ജില്ല, ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ യഥാക്രമം കൗൺസിലുകൾ രൂപീകരിക്കേണ്ടതും റിപ്പോർട്ട് ജൂൺ 30 നകം വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.
2. ഈ വർഷം സംസ്കൃത ദിനം ശ്രാവണ പൗർണ്ണമിയായി ആഗസ്റ്റ് 18 വ്യാഴാഴ്ച ആണ്. ഈ ദിവസം സ്കൂൾ തലത്തിൽ സംസ്കൃത ദിനം ആചരിക്കേണ്ടതാണ്. ഈ ദിവസം മറ്റേതെങ്കിലും കാരണവശാൽ സംസ്കൃത ദിനം ആചരിക്കുവാൻ സാധിച്ചില്ലെങ്കിൽ അടുത്ത പ്രവർത്തി ദിവസം സംസ്കൃത ദിനം ആകർഷകമായ രീതിയിൽ ആചരിക്കേണ്ടതാണ്. ഇതിനുവേണ്ടി സ്കൂൾതല കൗൺസിൽ പ്രവർത്തനങ്ങളെ കൂടാതെ സ്കൂളിലെ എല്ലാ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി വിവിധ പരിപാടികൾ സംസ്കൃത പദ്യപാരായണം, സംസ്കൃത പ്രഭാഷണം, ഗാനാലാപനം, പ്രശ്നോത്തരി മുതലായവ ആസൂത്രണം ചെയ്തു നടപ്പാക്കേണ്ടതാണ്. അന്നേ ദിവസം സ്കൂൾ അസംബ്ലിയിൽ സംസ്കൃതത്തിന്റെ മഹത്വത്തെക്കുറിച്ച് ഉദ്ബോധനം നടത്താവുന്നതാണ്.
3. ജില്ലാ സംസ്കൃത അക്കാദമിക് കൗൺസിലുകൾ സബ്ജില്ല കൗൺസിലുമായി സഹകരിച്ച് പ്രതിമാസം കൂടേണ്ടതും പ്രധാന വിഷയങ്ങൾ ചർച്ച ചെയ്യേണ്ടതും, പരിഹാരങ്ങൾ നിർദ്ദേശിക്കേണ്ടതുമാണ്. യു.പി, ഹൈസ്കൂൾ വിഭാഗങ്ങൾ വെവ്വേറെ യോഗം ചേരേണ്ടതാണ്.
4. ജില്ലാ/ഉപജില്ലാ/സ്കൂൾ കൗൺസിലുകൾ ജൂൺ 25ന് മുമ്പ് രൂപീകരിക്കേണ്ടതും പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുമാണ്. കൗൺസിൽ സെക്രട്ടറിയുടെ പേരു വിവരങ്ങളും റിപ്പോർട്ടും ജൂൺ 30ന് ഈ ഓഫീസിൽ ലഭിക്കേണ്ടതുമാണ്. അക്കാദമിക് കൗൺസിൽ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടപ്പിലാക്കുന്നതിനു വർഷത്തിൽ മൂന്നു തവണ കൂടേണ്ടതാണ്. നിർവ്വാഹക സമിതി രണ്ട് മാസത്തിലൊരിക്കലെങ്കിലും ചേർന്ന് പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് റിപ്പോർട്ട് വിദ്യാഭ്യാസ വകുപ്പിലെ സംസ്കൃത സ്പെഷൽ ഓഫീസറുടെ പേരിൽ അയച്ചുതരേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്:-

1. എല്ലാ ഉപഡയറക്ടർമാർക്കും
2. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. ജില്ലാ കൗൺസിൽ സെക്രട്ടറിമാർക്കും